**ജില്ലാ അദാലത്ത് സമിതി യോഗം-**

26/ 06 /2024ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശങ്ങളും ചുവടെ ചേർക്കുന്നു.

പരാതി നം- BPTVPMC0167000024

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീ. ആൻഡ്രൂ പെരേര<br>ശോഭാ ഹൌസ്<br>TC-31/884,വെട്ടുകാട്<br>ബീച്ച് പോസ്റ്റ്. |
| പരാതി വിഷയം | - | അപേക്ഷകൻ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകുന്നില്ലായെന്ന പരാതി -സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച BPTVPMC0167000024 ഡോക്കറ്റ് നമ്പർ പരാതി. |

**സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.**

തിരുവനന്തപുരം നഗരസഭയിൽഫോർട്ട് സോണൽ ഓഫീസിൽ ഉൾപ്പെട്ട വെട്ടുകാട് വാർഡിലിൽ കടകംപള്ളി വില്ലേജിൽ 2707/D1-2-2 സർവ്വേനമ്പറിൽ ഉൾപ്പെട്ട 2 .5സെൻറ് സ്ഥലത്ത് ശ്രീ. ജോസ് പെരേര നിർമ്മിച്ച കെട്ടിടത്തിന് കെട്ടിട നിർമ്മാണ ചട്ടം പ്രകാരം ലംഘനമുള്ളതായി കണ്ടെത്തുകയുണ്ടായി. ടിയാൻപണിപൂർത്തിയാക്കിയ കെട്ടിടത്തിൻറെ വടക്ക് വശത്ത് ഗ്രൌണ്ട് ഫ്ലോറിൽ 1 മീറ്റർസെറ്റബാക്ക് ഉണ്ടെങ്കിലും അതേ വശത്ത് ഫസ്റ്റ് ഫ്ലോറിൽ 0.8 മീറ്റർ വീതിയിൽ ഒരു സ്റ്റെയർകേസ് നിർമ്മിച്ചിട്ടുണ്ട്. ടി സ്റ്റെയർകേസിൽ നിന്നും 0.2 മീറ്റർ മാത്രമേ സെറ്റ്ബാക്ക് ലഭ്യമായിട്ടുള്ളൂ. ഈ ഭാഗത്തെ താമസക്കാരി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണൽ മുമ്പാകെ ഈ വിഷയം സംബന്ധിച്ച പരാതി ഫയൽ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ടി കെട്ടിടത്തിന് ചട്ട ലംഘനം ഉള്ളതിനാലാണ് നഗരസഭയ്ക്ക് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കാത്തത്, നിലവിൽ നിർമ്മാണമായതിനാൽ2019 നവംബർ 7-ാം തീയതിയിലോ അതിനു മുമ്പോ നിർമ്മാണം നടന്നതോ പൂർത്തികരിച്ചതോ ആയ അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 9/02/2024 ലെ സ.ഉ(പി) നമ്പർ 20/2024/LSGDTVM നമ്പറായി പുറപ്പെടുവിച്ച 2024 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ

ചട്ടങ്ങൾ) പ്രകാരം തിരുവനന്തപുരം നഗരസഭയിൽ യഥാവിധി അപേക്ഷ നൽകുന്നതിന് നിലവിൽ അവസരമുണ്ടെന്ന വിവരം ശ്രീമതി. ജുനൈദാ കബീർ-ൻറെ ശ്രദ്ധയിൽപ്പെടുത്തിയും അത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ചട്ടങ്ങൾക്ക് വിധേയമായി പരാതിയ്ക്ക് ആസ്പദമായ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയോട് ഉപദേശിച്ചും തീരുമാനിച്ചു.